വികസന പരിശീലന കേന്ദ്രം

12 (2840) ശ്രീ. റ്റി. യു. കരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലത്ത് ഗ്രാമവികസനവകുപ്പിന്റെ വികസന പരിശീലന കേന്ദ്രം ആരംഭിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ആയത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കോതമംഗലത്ത് വികസന പരിശീലനകേന്ദ്രം ആരംഭിക്കുന്നത് സർക്കാരിന് വൻ സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കും എന്ന ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ആവശ്യം തൽക്കാലം പരിഗണിക്കേണ്ടതില്ലായെന്ന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇല്ല.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

13 (2841) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഈ സർക്കാരിന്റെ കാലത്ത് പേരാമ്പ്ര മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ എത്ര രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഓരോ വർഷവും സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ എത്രയെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള വേതനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ)

ഗ്രാമപഞ്ചായത്തുകളുടെ പേര്	ചെലവഴിച്ച തുക (രൂപയിൽ)
അരിക്കുളം	7,08,75,627
കീഴരിയൂർ	3,26,22,917
മേപ്പയൂർ	6,00,45,404
ചക്കിട്ടപ്പാറ	14,65,86,000
ചങ്ങരോത്ത്	15,22,62,000
ചെറുവണ്ണൂർ	10,37,60,000
കൂത്താളി	10,88,85,000
നൊച്ചാട്	12,52,54,000
പേരാമ്പ്ര	13,10,23,000
തുറയൂർ	2,43,30,533

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം വകുപ്പ് 6 പ്രകാരം സംസ്ഥാനങ്ങളിലെ അവിദഗ്ധ തൊഴിലാളികളുടെ വേതന നിരക്ക് നിശ്ചയിക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാണ്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ പ്രതിദിന കർഷക തൊഴിലാളി വേതനത്തിന് തുല്യമായ നിരക്കിൽ തൊഴിലുറപ്പ് പദ്ധതി തൊഴിലാളികളുടെ മിനിമം കൂലി നിശ്ചയിക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തിന് നിരവധി തവണ നിവേദനം സമർപ്പിച്ചിട്ടുണ്ട്. 1-4-2015 മുതൽ നിലവിലുള്ള വേതന നിരക്ക് 229 രൂപയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly